# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 118 — 28.01.2019-ൽ മറുപടിക്ക്

## ശബരിമല വിഷയത്തിന്മേലുള്ള ഹർത്താലിലെ അക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി. സി.കെ. ആശ<br>ശ്രീ. കെ. രാജൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല യുവതീ പ്രവേശത്തിൽ പ്രതിഷേധിച്ച് ചില സംഘടനകൾ നടത്തിയ ഹർത്താലിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യാപക അക്രമം അരങ്ങേറിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) 03.01.2019-ാം തീയതി ശബരിമല കർമ്മ സമിതി ആഹ്വാനം ചെയ്ത് നടത്തിയ ഹർത്താലിനെ തുടർന്നുള്ള അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് 772 കേസുകൾ രജിസ്റ്റർ ചെയ്യുകയും 4163 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും അക്രമികൾ തെരുവുയുദ്ധത്തിന് സമാനമായ സാഹചര്യം സൃഷ്ടിച്ചതിലൂടെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) 03.01.2019-ന്റെ ഹർത്താൽ പ്രഖ്യാപനം വന്ന ഉടൻ ഹർത്താൽ നേരിടുന്നതിനാവശ്യമായ പോലീസ് ബന്തവസ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ അടിയന്തിരമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരുന്നു. കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുള്ളവരെ മുൻകരുതൽ ആയി അറസ്റ്റ് ചെയ്തും, നിരന്തര പോലീസ് പട്രോളിംഗ് നടത്തിയും, പ്രശ്നബാധിത മേഖലകൾ കണ്ടെത്തി അക്രമസാധ്യത കണക്കിലെടുത്തുകൊണ്ട് |

സുരക്ഷയ്ക്കായി ശക്തമായ പോലീസ് പിക്കറ്റുകൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തിയിരുന്നു. അക്രമങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൂടുതലായി സേനാ വിന്യാസം നടത്തിയതുമൂലം അക്രമികളായ ഹർത്താൽ അനുകൂലികൾക്ക് പൊതുജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സമുണ്ടാക്കാനും കലാപം സൃഷ്ടിക്കുവാനും ഉള്ള അവസരം നൽകാതെ സംസ്ഥാനത്ത് സമാധാന അന്തരീക്ഷം നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത അക്രമങ്ങളിൽ പങ്കെടുത്തവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (സി) പ്രസ്തുത അക്രമങ്ങളിൽ പങ്കെടുത്തവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും 4163 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഹർത്താലിൽ അക്രമം കാണിക്കുന്നവരുടെയും പൊതുമുതൽ നശിപ്പിക്കുന്നവരുടെയും സ്വത്ത് കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചും കുറ്റക്കാരിൽ നിന്നും നാശനഷ്ടം വരുത്തിയ തുക ഈടാക്കുന്നതിന് Prevention of Damage to Public Property Act, 1984 പ്രകാരം ബഹു. കോടതികൾ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ